**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 288** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഒപ്പം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഒപ്പം പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത 'അങ്ങേയറ്റം ദരിദ്രരായ' കുടുംബങ്ങൾക്ക് ഓട്ടോ റിക്ഷ തൊഴിലാളികളു കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുന്നതിനാണ് 'ഒപ്പം' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഓട്ടോ തൊഴിലാളികളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ വിഹിതം എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് സൗജന്യമായി വീട്ടിൽ എത്തിക്കും. 2023 ഫെബ്രുവരി 13 ന് തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയും തുടർന്ന് എല്ലാ ജില്ലകളിലും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഒപ്പം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെക്കുറിച്ച് വിശദീകരിക്കാമോ; | (ബി) | ഖണ്ഡിക (A) യുടെ മറുപടി കണ്ടാലും. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ ജില്ലകളിലാണ് റേഷൻ ഉത്പന്നങ്ങൾ വീടുകളിൽ എത്തിച്ച് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഖണ്ഡിക (A) യുടെ മറുപടി കണ്ടാലും. |
| (ഡി) | പ്രസ്തുത പദ്ധതി അനുസരിച്ച് ഇടുക്കി ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിൽ എത്തിച്ച് നൽകുന്നുണ്ട്; താലൂക്ക് തിരിച്ചുള്ള വിശദാംശം നൽകാമോ? | (ഡി) | ഇടുക്കി ജില്ലയിൽ 35 ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വീട്ടിലെത്തിച്ച് നൽകുന്നുണ്ട്. താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ പറയുന്നു. |

| താലൂക്ക് | എണ്ണം |
|---|---|
| തൊടുപുഴ | 5 |
| ഉടുമ്പൻചോല | 5 |
| ഇടുക്കി | 0 |
| പീരുമേട് | 23 |

| | |
|---|---|
| ദേവികുളം | 2 |
| **ആകെ** | **35** |

സെക്ഷൻ ഓഫീസർ